LIBRARY ARCHIVES Kerala Legislative Assembly

റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളിലെ മിനിമം കൂലി പുതുക്കൽ

62 [2099] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചുവോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്താണ് ;

(ബി) പ്രസ്തുത മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി 13-8-2004-ലെ ജി.ഒ. (ആർ.റ്റി.) 2159/04/തൊഴിൽ നമ്പർ വിജ്ഞാപനം അനുസരിച്ച് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ 16748 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണതത്വം ഉറപ്പാക്കാൻ നിർദ്ദേശം

63 [2100] ശ്രീ. എം. വി. ജയരാജൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന വ്യവസ്ഥയുണ്ടോ;

(ബി) സംവരണതത്വം പൂർണ്ണമായി പാലിച്ചുകൊണ്ടാണോ എംപ്ലോയ്മെന്റ് ഓഫീസർ ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംവരണതത്വം പാലിച്ചുകൊണ്ട് ശുപാർശ നടത്തിയാൽപിന്നെ നിയമനം നടത്തുമ്പോൾ അപ്രകാരം പാലിക്കണമെന്ന വ്യവസ്ഥയുണ്ടോ;

(ഡി) ഇപ്രകാരം നിയമനം നടത്താത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണതത്വം ഉറപ്പാക്കാൻ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ആഫീസർമാർക്കും നിയമന ഉദ്യോഗസ്ഥൻമാർക്കും കർശന നിർദ്ദേശം നൽകുമോ?